**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5226** **02-11-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനം സർക്കാർ ഏറ്റെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് പിരിച്ചു വിട്ടത് സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; | (എ) | കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് പിരിച്ചുവിടുന്നതിന് കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് പിരിച്ചു വിടാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുവാനായി സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടത്തി വന്നിരുന്ന വകുപ്പിന്റെ പദ്ധതികളായ 83 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, 11 ഷെൽട്ടർ ഹോമുകൾ, 7 സ്വാധാർ ഹോമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ വനിതാ ശിശുക്ഷേമ വകുപ്പ് നേരിട്ട് നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | സാമൂഹ്യക്ഷേമ ബോർഡിന്റെ പ്രവർത്തനം സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ തുടർന്നുള്ള പ്രവർത്തനം സംബന്ധിച്ച് തീരുമാനമൊന്നും ആയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ